بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

ഖുത്വ്ബ നമ്പർ
**17**
26-04-2013

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്

# നീതിയിലും സത്യത്തിലും നിലകൊള്ളുക

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ بِالْقِسْطِ شُهَدَاءَ لِلَّهِ
وَلَوْ عَلَىٰ أَنفُسِكُمْ أَوِ الْوَالِدَيْنِ وَالْأَقْرَبِينَ ۚ
إِن يَكُنْ غَنِيًّا أَوْ فَقِيرًا فَاللَّهُ أَوْلَىٰ بِهِمَا ۖ فَلَا
تَتَّبِعُوا الْهَوَىٰ أَن تَعْدِلُوا ۚ وَإِن تَلْوُوا أَوْ تُعْرِضُوا
فَإِنَّ اللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا ١٣٦

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ ۖ
وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَىٰ أَلَّا تَعْدِلُوا ۚ اعْدِلُوا
هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ ٩

وَعَدَ اللَّهُ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ ۙ لَهُم مَّغْفِرَةٌ وَأَجْرٌ عَظِيمٌ ١٠

(4:136, 5:9,10)

ഈ വചനത്തിന്റെ അർത്ഥം ഇപ്രകാരമാകുന്നു. വിശ്വസിച്ചവരെ, നിങ്ങൾ പരിപൂർണ്ണമായി നീതി പാലിക്കുന്നവരും അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്ക് തന്നെയോ, മാതാപിതാക്കൾക്കോ, ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും. അയാൾ ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേഛയെ പിൻപറ്റരുത്. നിങ്ങൾ നീതി പാലിക്കുന്നതിന് വേണ്ടിയാണിത്. നിങ്ങൾ മറച്ചുവെക്കുകയോ പിൻമാറുകയോ ചെയ്യുന്നതായാൽ, (ഓർക്കുക) അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവനാകുന്നു.

വിശ്വസിച്ചവരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ (എപ്പോഴും) നീതി പാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. വിശ്വസിക്കുകയും സൽപ്രവർത്തികൾ ചെയ്യുകയും ചെയ്തവരോട്, അവർക്ക് പാപപ്പൊറുതിയും മഹത്തായ പ്രതിഫലവും ഉണ്ടെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.

ഇസ്ലാമിന്റെ വിരോധികൾ സമയാസമയങ്ങളിൽ ഇസ്ലാമിനും മുസ്ലീംകൾക്കുമേൽ ഭീകരപ്രവർത്തനത്തിന്റെയും, അമുസ്ലീങ്ങളെ സംബന്ധിച്ച് ഹൃദയത്തിൽ വിദ്വേഷവും വെറുപ്പും സംജാതമാകുകയോ അല്ലെങ്കിൽ സംജാതമാക്കുകയോ ചെയ്യുന്നുവെന്ന ആരോപണം ഉന്നയിച്ചു കൊണ്ടിരിക്കുന്നു. ലോകത്ത് സംഭവിക്കുന്ന ഓരോ ഭീകരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങളും അത് മുസ്ലീംകൾ എന്ന് വിളിക്കപ്പെടുന്നവരോ, അല്ലെങ്കിൽ മറ്റാരെങ്കിലുമോ അല്ലെങ്കിൽ ജിഹാദിന്റെ പേരിൽ നാമധാരികളായ മുസ്ലീംകൾ ചെയ്യുന്ന പ്രവർത്തനങ്ങളോ ആകട്ടെ, അതെല്ലാം തന്നെ ഇസ്ലാമിക അദ്ധ്യാപനങ്ങളായി ചിത്രീകരിക്കുന്നു. പിന്നീട് വിശുദ്ധഖുർആനെയും നബിതിരുമേനി(സ) യുടെ വ്യക്തിത്വത്തെയും അങ്ങേയറ്റം അസഹ്യവും മോശവുമായ ഭാഷയിൽ ആക്ഷേപിക്കുന്നു.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാലഘട്ടത്തിന്റെ ഇമാമും റസൂൽ തിരുമേനി(സ)യുടെ സത്യപ്രേമിയുടെ ജമാഅത്തുമാണ്, ഇസ്ലാമിന്റെ വിരോധികളുടെ ഓരോ ആരോപണത്തെയും വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഖണ്ഡിക്കുന്നത്. ഓരോ അസത്യങ്ങൾക്കും മറുപടി നൽകിക്കൊണ്ട് ഇസ്ലാമിന്റെ വിരോധികൾക്ക് അവരുടെ ദർപ്പണം കാണിച്ചു കൊടുക്കുന്നു. കൂടാതെ വിശുദ്ധ ഖുർആനിൽ നിന്ന് ഭീകരപ്രവർത്തനങ്ങളെ ഖണ്ഡിച്ചുകൊണ്ട് വിവിധ ആയത്തുകളും സമർപ്പിക്കുന്നു. ഞാനിപ്പോൾ പാരായണം ചെയ്ത ആയത്തും അത്തരത്തിലുള്ള ആയത്താണ്. ഇതിൽ ഇസ്ലാമിന്റെ നീതിയലിധിഷ്ഠിതവും ഉന്നതനിലവാരത്തിലുള്ള അദ്ധ്യാപനങ്ങളുമാണ് വിവരിച്ചിരിക്കുന്നത്. ഇത് അതിഉത്തമമായ അദ്ധ്യാപനമാകുന്നു. ഇത് കേൾക്കുന്ന എല്ലാ നീതിമാന്മാരും ഇതിനെ പ്രശംസിക്കാതിരിക്കില്ല. എന്നാൽ അതോടൊപ്പം തന്നെ അവർ ചോദിക്കുന്നത്, ഈ അദ്ധ്യാപനത്തെ ആരാണ്പ്രാവർത്തികമാക്കുന്നത്? ജമാഅത്തംഗങ്ങളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ള അമുസ്ലീകൾക്കറിയാം - പൊതുവിൽ ഇങ്ങനെ അവർ പറയാറുമുണ്ട്- ശരി തന്നെ, ജമാഅത്തംഗങ്ങളുടെ ഇടയിൽ ഈ അദ്ധ്യാപനത്തിന്റെ ക്ഷണപ്രഭ കാണാൻ സാധിക്കുന്നുണ്ട്. എന്നാൽ നിങ്ങൾ മുസ്ലീംങ്ങളിലെ ന്യൂനപക്ഷ ജമാഅത്താണ്. വളരെ കുറച്ചു പേരെയുള്ളു. ഇസ്ലാമിന്റെ പൊതുവായ രൂപം ഞങ്ങൾക്ക് മറ്റ് മുസ്ലിം സംഘടനകളിലാണ് കാണുന്നത്. ഇവർക്ക് അവരുമായി ബന്ധപ്പെട്ട ജമാഅത്തംഗങ്ങൾ തങ്ങളുടെ ബുദ്ധിക്കനുസൃതമായ നിലയിൽ മറുപടി പറ

യുന്നു. പൊതുവിൽ അന്യരിൽ അതിന്റെ നല്ല സ്വാധീനവും ഉണ്ടാകുന്നു. എന്നാൽ നാം യഥാർത്ഥ്യം ഉൾക്കൊള്ളുന്നവരായി മാറേണ്ടതുണ്ട്. സ്വയം ആത്മപരിശോധന നടത്തേണ്ടതുമുണ്ട്.

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ചും, നബി(സ) തിരുമേനിയുടെ മാതൃക അനുസരിച്ചും നാം എതിരാളികളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഒരു പരിധി വരെ നമുക്കതിൽ വിജയം ലഭിക്കുന്നുണ്ട്. അക്കാരണത്താൽ ലോകത്തിലെ വിവിധ പത്രങ്ങളിൽ എഴുതുന്നവർ ഇസ്‌ലാമിനെ സംബന്ധിച്ച് എഴുതുമ്പോഴൊക്കെ തന്നെ, ചിലപ്പോൾ പേരെടുത്തു പറഞ്ഞു കൊണ്ടും ചിലപ്പോൾ പേരുച്ചരിക്കാതെയും എഴുതുന്നു, പൊതുവിൽ മുസ്‌ലീംകളിൽ കാണുന്ന ഭീകരപ്രവർത്തനത്തെ എതിർക്കുന്ന ഒരു ന്യൂനപക്ഷ വിഭാഗം ഇസ്‌ലാമിലുണ്ട്. ഈ പ്രസ്ഥാനം ലോകത്ത് നീതി സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. കൂടാതെ ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യപനങ്ങളെ പ്രാവർത്തികമാക്കുന്നവർ തങ്ങൾ മാത്രമാണെന്ന് വാദിക്കുകയും ചെയ്യുന്നു.

ജമാഅത്തിനെ സംബന്ധിച്ചുള്ള അന്യരുടെ ഇത്തരത്തിലുള്ള അവലോകനം കേൾക്കുമ്പോൾ, അമുസ്‌ലീംകളുടെ മുന്നിൽ ഇസ്‌ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങൾ സമർപ്പിക്കുമ്പോൾ അതോടൊപ്പം തന്നെ നാം എത്രത്തോളം ഈ അദ്ധ്യാപനത്തെ പ്രാവർത്തികമാക്കുന്നുണ്ടെന്ന ചിന്തയുണ്ടാകുന്നു. നമുക്ക് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ടെന്നതിലേക്ക് ശ്രദ്ധ തിരിയുന്നു. നാം ലോകത്തിനു മുന്നിൽ ഈ മനോഹര അദ്ധ്യാപനങ്ങൾ സമർപ്പിച്ചു കൊണ്ട് താൽക്കാലികമായി ആരോപണം ഉന്നയിക്കുന്നവരുടെ വായടപ്പിക്കുകയാണോ? ഇത്ര മാത്രം മതിയെന്ന് നാം കരുതുകയാണോ? സമയം വരുമ്പോൾ ലോകത്തേക്ക് ശ്രദ്ധിക്കുമ്പോൾ ഈ ഉന്നത അദ്ധ്യാപനം നമ്മളിൽ കാണാതിരിക്കുമോ?

സ്വന്തം വ്യക്തിത്വത്തെ പ്രയാസപ്പെടുത്തുന്ന അവസ്ഥ സംജാതമാകുമ്പോൾ നമ്മിൽ നിന്നോരോരുത്തരും സ്വന്തം വ്യക്തിത്വത്തെ പ്രയാസപ്പെടുത്തികൊണ്ട് അല്ലാഹുവിന്റെ തൃപ്തിക്കായി അവന്റെ അദ്ധ്യാപനങ്ങളും കൽപനകളും അനുസരിച്ച് പ്രവർത്തിക്കുന്നവരാകുമ്പോഴാണ് ഒരു ജമാഅത്തിന്റെ സത്യതയെ കുറിച്ചുള്ള അറിവ്, അല്ലെങ്കിൽ ഏതെങ്കിലും സത്യത്തിനുള്ള തെളിവ് ലഭിക്കുന്നത്. അതിനെ പ്രാവർത്തികമാക്കികൊണ്ട് ആ അവസ്ഥയിൽ നിന്നും വിജയിച്ച് പുറത്തു വരുന്ന നിലവാരത്തിലുള്ള പ്രവർത്തനങ്ങൾ കാഴ്ച വെക്കേണ്ടതും അനിവാര്യമാകുന്നു. അല്ലെങ്കിൽ പ്രവർത്തനമില്ലാതെ അദ്ധ്യാപനങ്ങളുടെ സൗന്ദര്യത്തെ പ്രകടിപ്പിച്ചുകൊണ്ടുമാത്രം ഒരു ജമാഅത്തിന്റെ മനോഹാരിത പ്രകടമാകുന്നതല്ല. അന്യരുടെ മുന്നിൽ ഈ അദ്ധ്യാപനം സമർപ്പിക്കുന്ന പല അനഹ്മദികളുമുണ്ടാകാം. എന്നാൽ ഇസ്‌ലാമിന്റെ സൗന്ദര്യത്തിനു തെളിവായി അവർ ഈ അദ്ധ്യാപനങ്ങളെ സമർപ്പിക്കുന്നത് കേവലം അവരുടെ വ്യക്തിത്വത്തെ അമുസ്‌ലീംകളുടെ മുന്നിൽ നല്ലതാകുമായിരിക്കാം. ആ വ്യക്തിയുടെ സ്വഭാവം കാരണത്താൽ, നല്ല ബന്ധം ഉള്ള കാരണത്താൽ മതത്തിൽ ആക്ഷേപം ഉന്നയിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുന്നു. എന്നാൽ അവർ ലോകത്ത് ഇസ്‌ലാമിന്റെ സുന്ദര അദ്ധ്യാപനം സമർപ്പിക്കുന്നതോടൊപ്പം തന്റെ പരിചയം ഒരു അഹ്മദി മുസ്‌ലിം എന്ന നിലയാണ് നൽകുന്നത് എന്നത് ഒരു അഹ്മദി ഓർത്തിരിക്കേണ്ടതാണ്. ഈ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിന്റെ വാദവുമായി നിലകൊള്ളുന്ന വ്യക്തിയുടെ അനുയായിട്ടാണ് സ്വയം പരിചയപ്പെടുത്തുന്നത്. ഇസ്‌ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങളെ ലോകത്ത് സമർപ്പിക്കുന്നതിനായി വരികയും അതിനായി ഒരു ജമാഅത്ത് രൂപീകരിക്കുകയും ചെയ്ത മസീഹ് മൗഊദിനെയും മഹ്ദി മൗഊദിനെയും വിശ്വസിക്കുന്നവരായിട്ടാണ് പരിചയപ്പെടുത്തുന്നത്.

അഹ്മദി ഇസ്‌ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങളെ സമർപ്പിക്കുമ്പോൾ അത് കേവലം ഒരഹ്മദിയുടെ വ്യക്തിത്വത്തെ പ്രശംസാർഹനാക്കി മാറ്റുകയല്ല ചെയ്യുന്നത്, മറിച്ച് ഒരു സമാധാനകാംക്ഷിയായ, നീതിയിൽ നിലനിൽക്കുന്ന, സത്യത്തെ പ്രകടിപ്പിക്കുന്ന ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തെ പ്രാവർത്തികമാക്കുന്ന ജമാഅത്തിന്റെ ചിത്രമാണ് മറ്റുള്ളവരുടെ മുന്നിൽ പതിയുന്നത്. അങ്ങിനെയാണ് ആകേണ്ടതും. അഥവാ ഏതെങ്കിലും അഹ്മദിയുടെ സംസാരത്തിലും പ്രവർത്തനത്തിലും വൈരുദ്ധ്യം കാണുകയാണെങ്കിൽ, ഇന്ന വ്യക്തി പറയുന്നത് ഒന്നും പ്രവർത്തിക്കുന്നത് മറ്റൊന്നാണുമെന്നോ, അല്ലെങ്കിൽ അയാളിൽ സത്യസന്ധതയിലെന്നോ, അല്ലെങ്കിൽ അയാൾ നീതി പാലിക്കുന്നില്ലെന്നോ അല്ല പറയുക മറിച്ച്, നോക്കു ഇന്നയാൾ അഹ്മദിയാണ്, വലിയ വലിയ വാദങ്ങളാണുള്ളത്, ഇക്കാലഘട്ടത്തിൽ നീതി സ്ഥാപിക്കുന്നതിന്റെ ധ്വജവാഹകരായ ജമാഅത്താണെന്ന് ധരിക്കുന്നു, എന്നാൽ അതിന്റെ അനുയായികൾ ഇന്ന ഇന്ന അപരാധങ്ങളിൽ അകപ്പെട്ടിരിക്കുന്നു എന്നാണ് പറയുക.

അഹ്മദികളോടൊപ്പം കച്ചവടത്തിൽ പങ്കാളികളായ പല അനഹ്മദികളും അവരുടെ മുന്നിൽ കച്ചവട പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും കേസ് വരുമ്പോഴും അവരെനിക്ക് എഴുതുന്നത്, ഇന്ന വ്യക്തി അഹ്മദിയായിരുന്നു. ഞങ്ങൾ അവരിൽ വിശ്വാസം അർപ്പിച്ചു, ഇപ്പോൾ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു. സത്യസന്ധമായി സാക്ഷ്യം പറയുന്നില്ല. നീതിയലിധിഷ്ഠിതമായി എനിക്ക് നൽകേണ്ട അവകാശം നൽകുന്നില്ല. അങ്ങിനെ ഒരഹ്മദി തന്റെ കർമങ്ങൾ കൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു സങ്കൽപത്തെ നശിപ്പിക്കുകയാണ്. ഒരു ദുഷ്പ്രഭാവം ചെലുത്തികൊണ്ട് ജമാഅത്തിന്റെ ദുഷ്പേരിന് കാരണക്കാരനാകുന്നു. അവരുടെ വാദം ഒന്നും, പ്രവർത്തി മറ്റൊന്നുമായതിനാൽ കൂടുതൽ പാപിയായിത്തീരുന്നു.

ഈയൊരു ചിന്ത ഹദ്റത് മസീഹ് മൗഊദ് (അ) നും ഉണ്ടായിരുന്നു. അതു കൊണ്ടാണ് നമ്മുടെ ജമാഅത്തിലുള്ളവരാണെന്ന് പറഞ്ഞുകൊണ്ട് നമുക്ക് ദുഷ്പേരുണ്ടാക്കരുത് എന്ന് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ വാക്കുകളുടെ സംക്ഷിപ്തമാണ് ഞാൻ പറഞ്ഞത്. ഹദ്റത് മസീഹ് മൗഊദ് (അ) നും അദ്ദേഹത്തിന്റെ ജമാഅത്തിനും ദുഷ്പേരുണ്ടാക്കുന്ന തരത്തിലുള്ള ഒരു പ്രവർത്തനവും ഒരഹ്മദിയിൽ നിന്നുണ്ടാകരുത്.

ഈ ആയത്തുകളിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളെ എല്ലാ നിലക്കും പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാകുന്നു. അപ്പോൾ മാത്രമേ ഇക്കാര്യങ്ങൾ പ്രകൃതത്തിന്റെ ഭാഗമായി ക്കൊണ്ട് തിന്മകളിൽ നിന്ന് തടയുന്നവയാകുകയുള്ളു. നമ്മു ടെ പ്രവർത്തനങ്ങൾ എത്തരത്തിലുള്ളതായിരിക്കണം എന്ന ചിന്ത എല്ലാ അവസ്ഥയിലും ഉണ്ടായിരിക്കണം.
അഥവാ ഇക്കാര്യങ്ങളെ പ്രാവർത്തികമാക്കുകയും ഇവ പ്രകൃ തത്തിന്റെ ഭാഗമാക്കുകയും ചെയ്താൽ ഒരിക്കലും ഒരു തര ത്തിലുമുള്ള തിന്മയോ, അനീതിയോ, സത്യത്തിൽ നിന്ന് അകൽച്ചയോ, മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കുന്നതിനുള്ള ചിന്തയോ മനുഷ്യനിൽ ഉണ്ടാകുന്നതല്ല. അതിനാൽ ഓരോ അഹ്മദിയും എല്ലാ നിലയിലും ഈ അദ്ധ്യാപനത്തെ തന്റെ കർമങ്ങളിലൂടെ വെളിപ്പെടുത്തുമ്പോഴാണ് അല്ലാഹുവിന്റെ സുന്ദരമായ അദ്ധ്യാപനങ്ങളുടെയും ഇസ്‌ലാമിന്റെ മനോഹര ചിത്രത്തിന്റെയും പ്രകടനം ഉണ്ടാകുന്നത്.
ഈ ആയത്തുകളിൽ വിവരിച്ചുള്ള നിലവാരം കരസ്ഥമാക്കു ന്നതിനുള്ള ശ്രമം എല്ലാ നിലയിലും ഉണ്ടായിരിക്കണം. സ്വന്തം വീടുകളിലും, സ്വന്തം സമൂഹത്തിലും, സ്വന്തക്കാ രോടും, അന്യരോടും, ശത്രുക്കളോടുമുള്ള ബന്ധത്തിൽ അത് പ്രകടമാക്കണം. അപ്പോൾ മാത്രമേ നമുക്ക് യഥാർത്ഥ വിശ്വ സിയാകാൻ സധിക്കുകയുള്ളു. അപ്പോൾ മാത്രമേ ഈ കാല ഘട്ടത്തിന്റെ ഇമാമുമായി ബന്ധപ്പെട്ടിട്ടുണ്ടെന്ന വാദത്തിലും വിശ്വാസത്തിലും നാം സത്യവാന്മാരാകുകയുള്ളു. അല്ലായെ ങ്കിൽ നമ്മുടെ വാദം പൊള്ളയായിരിക്കും. നമ്മെ സംബന്ധി ച്ചുള്ള ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ചിന്തയെ അതായത് ദുഷ്പേരുണ്ടാവരാകരുത് എന്ന ചിന്തയെ വർദ്ധിപ്പിക്കുന്ന വരായിത്തീരും. അതിനാൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഈ ചിന്തയെ ലഘൂകരിക്കുന്നവരായി മാറാൻ നാം ശ്രമി ക്കണം. പ്രത്യുത ആ ചിന്തയെ ഇല്ലാതാക്കുന്നവരായി മാറേ ണ്ടതാണ്.
എല്ലാ കാര്യങ്ങളിലും നമ്മുടെ സാക്ഷ്യം അല്ലാഹുവിന് വേണ്ടിയായിരിക്കണം, അല്ലാഹുവിന്റെ കൽപനകൾക്കനു ഗുണമായിരിക്കണം എന്നതാണ് ഇവിടെ നമുക്ക് നൽകിയിരി ക്കുന്ന ആദ്യ കൽപന. ഇങ്ങനെ സാക്ഷ്യം പറഞ്ഞതുകൊ ണ്ട്, അല്ലെങ്കിൽ ഞാൻ നൽകാൻ പോകുന്ന സാക്ഷ്യത്തിന്റെ ഫലമായി എനിക്കെന്തെങ്കിലും വ്യക്തികത ഗുണം ലഭിക്ക ണം എന്ന ചിന്ത നമ്മുടെ ഹൃദയത്തിലും മനസ്സിലും ഉണ്ടാക രുത്. മറിച്ച് എനിക്ക് അല്ലഹുവിന്റെ തൃപ്തിയാണ് കരസ്ഥമാ ക്കേണ്ടത് എന്ന ഒരൊറ്റ ചിന്ത മാത്രമെ ഉണ്ടാകാൻ പാടുള്ളു. അല്ലാഹുവിനെ മാത്രമെ തൃപ്തിപ്പെടുത്തേണ്ടതുള്ളു.
പിന്നീട് പറയുന്നു, ഇത് കരസ്ഥമാകുന്നത് നീതിയുടെ ഉന്നത നിലവാരം പുലർത്തുന്നതിലൂടെയാകുന്നു. സത്യത്തിൽ ഉറച്ചു നിൽക്കാതെ നീതിയുടെ ഉന്നത നിലവാരം സാധ്യമല്ല. സ്വന്തമായി എന്താണോ ഇഷ്ടപ്പെടുന്നത് അത് മറ്റുള്ളവർക്ക് വേണ്ടിയും ഇഷ്ടപ്പെടുക എന്ന നബി(സ) യുടെ കല്പന പ്രാവർത്തികമാക്കുന്നതിലൂടെയല്ലാതെ സാധ്യമല്ല. നമ്മുടെ അവകാശം നമുക്ക് ലഭിക്കാൻ നാം ശ്രമിക്കുന്നു. എവിടെയെ ങ്കിലും അൽപം നമ്മുടെ അവകാശധ്വംസനം ഉണ്ടാകുകയാ ണെങ്കിൽ നാം ബഹളം കൂട്ടാൻ തുടങ്ങുന്നു. എന്നാൽ മറ്റുള്ള വരുടെ അവകാശത്തിന്റെ കാര്യം വരുമ്പോൾ എന്തെങ്കിലും ഒഴികഴിവ് അന്വേഷിക്കുന്നു. സ്വന്തം കാര്യത്തിനായി നീതി യുടെ എന്തെങ്കിലും പ്രശ്നം വരുമ്പോൾ നീതി നിലനിർത്തു ന്നതിനെ സംബന്ധിച്ചുള്ള മുഴുവൻ ഖുർആനിക കൽപനക ളും തീരുമാനം കൽപിക്കുന്നവരുടെ മുന്നിൽ സമർപ്പിക്കുന്നു. വളരെ ശ്രമപ്പെട്ട് ഹദീസുകൾ ചികഞ്ഞ് അവകാശ ധ്വംസനം നടത്തുന്നവരിലും തീരുമാനം കൽപിക്കുന്നവരിലും ദൈവ ഭയം സംജാതമാകുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ധരണികൾ കേൾപ്പിക്കുന്നു. എന്നാൽ നീതിയിൽ നിലയു റപ്പിച്ചു കൊണ്ട് സത്യസാക്ഷ്യം പറയുവാനായി നമ്മോട് ആവശ്യപ്പെടുമ്പോൾ സത്യസാക്ഷ്യം പറയുന്നതിന് പകര മായി, സത്യം പറയുന്നതിന് പകരമായി കുഴഞ്ഞുമറിഞ്ഞ ചിന്താകുഴപ്പമുണ്ടാകുന്ന കാര്യങ്ങൾ അവതരിപ്പിച്ച് പ്രശ്ന ത്തെ സങ്കീർണ്ണമാക്കുന്നതിനോ, അല്ലെങ്കിൽ തീരുമാനത്തെ തനിക്കനുകൂലമാക്കിമാറ്റുന്നതിനോ, അല്ലെങ്കിൽ തന്റെ സ്വന്തക്കാർക്കനുകൂലമാക്കിമാറ്റുന്നതിനോ ശ്രമിക്കുന്നു. ഇത് ഒരു യഥാർത്ഥവിശ്വാസിക്ക് യോജിച്ചതല്ല.
ഒരു യഥാർഥ വിശ്വാസിക്ക് നൽകപ്പെട്ടിട്ടുള്ള കല്പന അല്ലാ ഹുവിന്റെ തൃപ്തിയെ മുന്തിക്കുകയും മറ്റെല്ലാ കാര്യത്തെയും അതിന് കീഴിലാക്കുകയും ചെയ്യുക എന്നതാണ്. തനിക്കെതി രിലും സാക്ഷ്യം പറയുന്നതിനു പോലും മടിക്കാത്ത ധൈര്യം ഉണ്ടാകുമ്പോഴാണ് ഇത് സാധ്യമാകുക. സത്യം പറഞ്ഞത് കൊണ്ടോ സത്യസാക്ഷ്യം നൽകിയതുകൊണ്ടോ താൻ സ്വയം എത്ര വലിയ ബുദ്ധിമുട്ടിൽ അകപ്പെട്ടേക്കാം, അല്ലെ ങ്കിൽ തന്റെ അടുത്ത ബന്ധുക്കൾക്കോ, അല്ലെങ്കിൽ തന്റെ മക്കൾക്കോ എതിരായി സാക്ഷ്യം പറയുകയാണെങ്കിൽ അവർ പ്രയാസത്തിലകപ്പെട്ടേക്കാം എന്നതിനെ അൽപം പോലും വകവെക്കരുത്. അല്ലെങ്കിൽ തന്റെ മാതാപിതാക്ക ൾക്കോ, സ്വന്തക്കാർക്കോ, സ്നേഹിതർക്കോ എതിരിലുള്ള സാക്ഷ്യം മുഖേന എനിക്കെന്തെങ്കിലും പ്രയാസം നേരി ട്ടേക്കാം എന്നതിനെ തീരെ വില കൽപ്പിക്കരുത്. സത്യത്തിൽ നിലനിൽക്കാൻ, നീതിയിൽ നിലനിൽക്കാൻ നമുക്ക് നമ്മുടെ ചുറ്റുപാടിന്റെയും, നമ്മുടെ സ്വന്തക്കാരുടെയും അനിഷ്ടം സമ്പാദിക്കേണ്ടി വന്നാലും അതിനു തയ്യാറായിരിക്കത്തക്ക മനോനിലയായിരിക്കണം നമ്മുടേത്.
അല്ലാഹു പറയുന്നു, നിങ്ങളുടെ ഗുണവും ദോഷവും, നിങ്ങ ളുടെ കൗശലങ്ങളും, കള്ള സാക്ഷ്യങ്ങളും നീതിയിൽ നിന്ന് അകന്നു കൊണ്ടല്ല മറിച്ച്, ഗുണവും ദോഷവും അല്ലാഹു വിന്റെ കാരുണ്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. അവൻ ആഗ്രഹിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഗുണം ലഭിക്കും. നിങ്ങളുടെ പരിശ്രമം നിങ്ങൾക്ക് ഗുണം ചെയ്യില്ല. കള്ള സാക്ഷ്യം നിങ്ങൾക്ക് ഗുണം ചെയ്യില്ല. താൽക്കാലികമായ ഭൗതിക ഗുണം ലഭിച്ചേക്കാം. എന്നാൽ അതിന് ശേഷം അല്ലാഹുവിന്റെ അനിഷ്ടം കാരണത്താൽ അതിന്റെ ദോഷം അസഹനീയമായിരിക്കും.
പറയുന്നു, അതിനാൽ അല്ലാഹുവിനെ മിത്രമാക്കുക. അവ ന്റെ സാമീപ്യം കരസ്ഥമാക്കുക. എപ്പോഴും നീതിയുടെ വ്യവ സ്ഥയെ പൂർത്തിയാക്കുന്നതിനായി സുതാര്യവും വ്യക്തവു മായ കാര്യങ്ങൾ പറയുക. കുടുംബകാര്യങ്ങളിലും, വീട്ടുകാര്യ

ങ്ങളിലും, എപ്പോഴും സത്യത്തെ മുറുകെ പിടിക്കുക. നീതി നിലനിർത്തുന്നതിനായി ശ്രമിക്കുക. തങ്ങളുടെ സ്വേഛകളെ പിൻപറ്റിക്കൊണ്ട് നീതിയിൽ നിന്നും ന്യായത്തിൽ നിന്നും അകലുന്നതിന് പകരമായി, അതുമിതും പറഞ്ഞ് പ്രശ്നത്തെ സങ്കീർണ്ണമാക്കുന്നതിന് പകരമായി, സത്യസാക്ഷ്യത്തെ മറച്ചു വെക്കുന്നതിനുപകരമായി, അല്ലാഹുവിന്റെ അനിഷ്ടം സമ്പാദിക്കുന്നതിനു പകരമായി, എപ്പോഴും അല്ലാഹുവിന്റെ തൃപ്തിയെ തന്റെ ലക്ഷ്യമായി കരുതേണ്ടതാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഒരു സംഭവമുണ്ട്. അവിടെ അദ്ദേഹത്തിന് സാക്ഷ്യം നൽകേണ്ടി വരുന്നു. ഭൂമി ഇടപാടിന്റെ പ്രശ്നമായിരുന്നു. കൃഷിക്കാർക്കിടയിൽ വൃക്ഷങ്ങളെ സംബന്ധിച്ചുള്ള പ്രശ്നമായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) എപ്പോഴും സത്യസന്ധമായ സാക്ഷ്യമേ പറയുകയുള്ളു എന്നവർക്കറിയാമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിതാവിന്റെ, അദ്ദേഹത്തിന്റെ കുടുംബത്തിന്റെ സ്ഥലത്തെ സംബന്ധിച്ചുള്ള പ്രശ്നമായിരുന്നു. വൃക്ഷങ്ങളുടെ ഉടമസ്ഥതയുടെ കേസായിരുന്നു. അദ്ദേഹത്തെ വിളിച്ചപ്പോൾ, എന്റെ അഭിപ്രായത്തിൽ സത്യം അവരുടെ ഭാഗത്താണ്, അവർക്ക് അവകാശം ലഭിക്കേണ്ടതാണ് എന്നാണ് ജഡ്ജിയുടെ മുന്നിൽ പറഞ്ഞത്. തൽഫലമായി അദ്ദേഹത്തിന്റെ പിതാവും കുടുംബക്കാരും അദ്ദേഹത്തോട് ദേഷ്യപ്പെടുകയുണ്ടായി. എന്നാൽ അദ്ദേഹം പറഞ്ഞത് എനിക്ക് സത്യമായി തോന്നിയത്, യഥാർത്ഥ്യമായി തോന്നിയതിന് ഞാൻ സാക്ഷ്യം പറഞ്ഞു എന്നാണ്. കാലത്തിന്റെ ഇമാം നമ്മുടെ മുമ്പിൽ സമർപ്പിച്ച നിലവാരമാണിത്. ഈ നിലവാരമനുസരിച്ചാണ് നാം പ്രവർത്തിക്കേണ്ടത്. ഈയൊരു നിലവാരം കരസ്ഥമാക്കുന്നതിനായിട്ടാണ് നബി തിരുമേനി (സ) നമ്മെ നിഷ്കർഷിച്ചിരിക്കുന്നത്.

പറയുന്നു, ഓർത്തുകൊള്ളുക, നിങ്ങളുടെ കള്ള സാക്ഷ്യം കൊണ്ട് നിങ്ങൾക്ക് ലോകരെ വഞ്ചിക്കാൻ സാധിക്കുന്നതാണ്. എന്നാൽ അല്ലാഹുവിനെ വഞ്ചിക്കാൻ സാധിക്കില്ല. പറയുന്നു, فَإِنَّ اللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا നിശ്ചയമായും അല്ലാഹു നിങ്ങളുടെ ഓരോ പ്രവർത്തനങ്ങളെയും കാര്യങ്ങളെയും സംബന്ധിച്ച് അറിവുള്ളവനാണ്. അവനിൽ നിന്നും ഒന്നും മറച്ചുവെക്കാൻ സാധ്യമല്ല. അതിനാൽ ഒരു ഭാഗത്ത് നമ്മുടെ വാദം സമൂഹത്തിൽ ശാന്തിയും സമാധാനവും സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു, സത്യത്തിൽ ഉറച്ചു നിന്നു കൊണ്ട് ലോകത്തിന് നേർമാർഗ്ഗം കാണിക്കാൻ ആഗ്രഹിക്കുന്നു എന്നതും മറുഭാഗത്ത് നമ്മുടെ സംസാരത്തിലും പ്രവർത്തനത്തിലും നിസാര ഭൗതികഗുണത്തിനായി വൈരുദ്ധ്യം ഉള്ളതുമാണെങ്കിൽ നാം സത്യത്തിൽ നില നിൽക്കു ന്നവരല്ല, നീതിയെ സ്ഥാപിക്കുന്നവരല്ല, ശാന്തിയും സമാധാനവും പരത്തുന്നവരല്ല മറിച്ച്, സമൂഹത്തിലെ കലഹങ്ങളുടേയും പ്രശ്നങ്ങളുടേയും ഭാഗമായിത്തീരുന്നതാണ്.

അതിനാൽ അക്രമത്തിനെതിരായി ഒരു വിശ്വാസിയുടെ ശബ്ദം ഉയർത്തുന്നതാണെന്ന വാദവും, അക്രമം തടയുന്നതാണെന്ന വാദവും യഥാർത്ഥമാകുന്നത് അവർ നീതിയുടെ ഉന്നതനിലവാരം സ്ഥാപിക്കുമ്പോഴാണ്, സത്യത്തിന്റെ ഉന്നതനിലവാരം സ്ഥാപിക്കുമ്പോഴാണ്. തങ്ങളുടെ സാക്ഷ്യങ്ങളെ അല്ലാഹുവിന്റെ കൽപനകൾക്കധീതമാകുക. അല്ലാഹു നമ്മുടെ നിലവാരത്തിന്റെ ഔന്നിത്യം കാണാനാഗ്രഹിക്കുന്നു. അതിനായി നാം പാരായണം ചെയ്ത സൂറ മാഇദയിലെ ആയത്തിൽ പറയുന്നു, നിങ്ങളുടെ സാക്ഷ്യങ്ങൾ നിങ്ങളുടെ ഈ ചെറിയ സമൂഹത്തിന് മാത്രം നീതി സ്ഥാപിക്കുന്നതിന് വേണ്ടിയാകരുത്. മറിച്ച് നിങ്ങളുടെ ശത്രുവും നിങ്ങളിൽ നിന്ന് നീതി കരസ്ഥമാക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ ആവർക്കും നീതി ലഭിക്കേണ്ടതാണ്. നിങ്ങൾ എന്ത് പറഞ്ഞാലും അത് സത്യവും യഥാർത്ഥവുമാണെന്ന ദൃഢവിശ്വാസം അവരിലുണ്ടായിരിക്കണം. അതായത്, ഒരു വിശ്വാസി എല്ലാം തന്നെ ദൈവഭക്തിയിൽ നിലനിന്നുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായിട്ടാണ് ചെയ്യുന്നത് എന്ന് അവരിൽ വെളിപ്പെടുത്തുക. ആരുടെയെങ്കിലും ശത്രുത നമ്മെ നീതിയിൽ നിന്നും സത്യത്തിൽ നിന്നും അകറ്റികളയരുത്. നമ്മുടെ ഹൃദയം ശത്രുതയിൽ നിന്ന് പരിശുദ്ധമാണ്. നമുക്കാരോടും വെറുപ്പോ ശത്രുതയോ ഇല്ലെന്ന് നാം വിളംബരപ്പെടുത്തുന്നു. എന്നാൽ ശത്രുവിന്റെ മനസ്സിലുള്ള വിദ്വേഷവും വെറുപ്പും ശത്രുതയും തെറ്റായ നിലയിൽ അവർക്ക് നഷ്ടം വരുത്തിവെക്കുന്നതിനായി നീതിയിലധിഷ്ഠിതമല്ലാത്ത കാര്യം പറയുന്നതിലേക്ക് നമ്മെ പ്രേരിപ്പിക്കുന്നതാകരുത്.

ഈയൊരു മനോഹരമായ അദ്ധ്യാപനമാണ് അന്യർക്ക് മുമ്പിൽ സമർപ്പിച്ചുകൊണ്ട് അവരിൽ ഇസ്ലാമികാദ്ധ്യാപനങ്ങളുടെ സവിശേഷതകൾ വെളിപ്പെടുത്താൻ ശ്രമിക്കുന്നത്. അവർ നമ്മുടെ കാര്യങ്ങൾ കേട്ടുകൊണ്ട് ഇസ്ലാമിനെ പറ്റി കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നു. അതിനാൽ നാം എപ്പോഴും ഓർക്കേണ്ടത്, നമ്മുടെ വാക്കുകൾ ലോകരെ നമ്മിലേക്കാകർഷിക്കുന്നുണ്ടാകാം. എന്നാൽ സത്യസാക്ഷ്യം പറയുന്നതാണെന്ന നമ്മുടെ വാക്കുകൾ, നീതി സ്ഥാപിക്കുന്നതിനാണെന്ന നമ്മുടെ വാക്കുകൾ, സമൂഹത്തിൽ നിന്നും ശത്രുതയെ ഉന്മൂലനം ചെയ്യുന്നതാണെന്ന നമ്മുടെ വാക്കുകൾ, ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശമെത്തിക്കുന്നതാണെന്ന നമ്മുടെ വാക്കുകൾ യഥാർത്ഥത്തിൽ ലോകത്തെ നമ്മിലേക്കാകർഷിക്കുന്നത് നമ്മുടെ പ്രവർത്തനമാതൃകയും അതിനനുഗുണമാകുമ്പോഴാണ്.

ചുരുക്കത്തിൽ ഖവ്വാമായി നിലകൊള്ളുക എന്നു പറഞ്ഞുകൊണ്ട് ഒരു വലിയ ഉത്തരവദിത്വമാണ് അല്ലാഹു നമ്മിൽ ഏൽപ്പിച്ചിരിക്കുന്നത്. ഖവ്വാമിന്റെ അർത്ഥം അതിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് നിരന്തരമായും സ്ഥിരതയോടും കൂടി പരിശ്രമിച്ചുകൊണ്ട് നീതിനിലർത്തുക എന്നതാണ്. ഇവിടെ നീതിയുടെ കാര്യമാണ് പരാമർശിച്ചിരിക്കുന്നത്. അതിനാൽ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് നീതിയുടെ എല്ലാ ആവശ്യങ്ങളെയും പൂർത്തിയാക്കുക. പിന്നീട് നിരന്തരമായും സ്ഥിരതയോടും കൂടി അത് സ്ഥാപിക്കുവാനായി ശ്രമിക്കുക. ആഴങ്ങളിലേക്കിറങ്ങി ചെന്നുകൊണ്ടുള്ള കഠിനവും നിരന്തരവുമായ പരിശ്രമ ഫലമായിട്ടാണ് ലോകത്ത് നീതി സ്ഥാപിതമാകുന്നതും, ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം ലോകത്ത് ലഭ്യമാകുന്നതും.

അതിനാൽ ഇന്ന് ലോകത്ത് നീതി സ്ഥാപിക്കാനും സത്യ

ത്തെ പ്രചരിപ്പിക്കാനും ശാന്തിയുടെയും സമാധാനത്തിന്റെയും ജാമ്യം ആകുന്നതിനുള്ള പ്രവർത്തങ്ങൾ നിരന്തരമായും അതിസങ്കീർണ്ണമായ വശങ്ങളെ പരിഗണിച്ചുകൊണ്ടും ചെയ്യുക എന്നത് ഒരു വിശ്വാസിയുടെ ജോലിയാണ്. ഒരു യഥാർത്ഥ അഹ്മദിയുടെ ജോലിയാണ്. ഈ കാലഘട്ടത്തിൽ ഞങ്ങളാണ് യഥാർത്ഥ മുസ്‌ലിം, യഥാർത്ഥ വിശ്വാസി എന്ന വാദം പ്രകടിപ്പിക്കുന്നത് അഹ്മദി മുസ്‌ലിം മാത്രമാണ്. കാരണം നാം കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നു, നാം ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തെ മനസ്സിലാക്കിയിരിക്കുന്നു. കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചു കൊണ്ട് വെറും താൽപര്യത്തിനുവേണ്ടി മാത്രം അല്ലാഹുവിന്റെ കല്പനകളെ സംബന്ധിച്ച് അറിവു കരസ്ഥമാക്കുകയല്ല ചെയ്തിട്ടുള്ളത് മറിച്ച്, പ്രസ്തുത കല്പനകളെ പ്രാവർത്തികമാക്കികൊണ്ട് അതിന്റെ ഒരു പ്രവർത്തന മാതൃകയായിത്തീരാനും ശ്രമിക്കുന്നു.

അതിനാൽ ഞാൻ പറഞ്ഞതുപോലെ, നാം എത്രത്തോളം നീതിയിൽ നിൽക്കുന്നുണ്ട്, എത്രത്തോളം നാം സത്യത്തിൽ നിലയുറപ്പിച്ചിട്ടുണ്ട് എന്നതിൽ ആത്മപരിശോധന നടത്തേണ്ടതുണ്ട്. ഹദ്റത് മസീഹ് മൗഊദ് (അ) തനിക്കെതിരിലും തന്റെ പിതാവിനെതിരിലും സാക്ഷ്യം പറഞ്ഞുകൊണ്ട് ഭൗതിക ലാഭത്തിന് യാതൊരു പ്രാധാന്യവും കൽപ്പിക്കാതിരുന്നത് പോലെ ഇന്ന് നാം അദ്ദേഹവുമായി ബന്ധപ്പെടുന്നു എന്ന് വാദിച്ചു കൊണ്ട് ഈ നിലവാരം കരസ്ഥമാക്കാൻ ശ്രമിക്കുന്നുണ്ടോ ഇല്ലയോ എന്നതിൽ നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കുക. അഥവാ നാം യഥാർത്ഥത്തിൽ ഈ നിലവാരത്തെ കരസ്ഥമാക്കുന്നതിനായി ശ്രമിക്കുകയാണെങ്കിൽ പിന്നെ നമ്മുടെ വീടുകളിൽ വിശ്വാസമില്ലായ്മയുടെ അന്തരീക്ഷം എന്തുകൊണ്ട് സംജാതമായിരിക്കുന്നു എന്നത് ചിന്തിക്കേണ്ടതാണ്. ആരുടെ വീടുകളിലാണോ വിശ്വാസമില്ലായ്മയുടെ അന്തരീക്ഷം സംജാതമായിരിക്കുന്നത് ആവർ പരിശോധന നടത്തട്ടെ. ഭാര്യാഭർതൃബന്ധത്തിൽ സ്നേഹബന്ധം കാണുന്നില്ല. തൽഫലമായി കുട്ടികളും അസ്വസ്ഥരാണ്. സഹോദരന്മാരുടെ ബന്ധത്തിൽ എന്ത് കൊണ്ട് വിള്ളലുകളുണ്ടാകുന്നു? ദുർഭാവന കാരണത്താൽ അല്ലെങ്കിൽ സത്യസന്ധതയിൽ ന്യൂനത കാരണത്താൽ ബന്ധങ്ങളും തകരുകയാണ്. സൗഹൃദത്തിന്റെ അടിത്തറയിൽ ആരംഭിച്ച വ്യാപാരങ്ങൾ അസന്തുഷ്ടിയിലേക്കും കേസിലേക്കും എന്ത് കൊണ്ട് ചെന്നെത്തുന്നു? കേസുകളുടെ എണ്ണത്തിൽ എന്ത് കൊണ്ടാണ് വർദ്ധനവുണ്ടാകുന്നത്? അല്ലെങ്കിൽ കോടതികളിലേക്ക് അഹ്മദികളുടെ കേസുകൾ എന്തു കൊണ്ടാണ് കൂടുതലായി വരാൻ തുടങ്ങിയത്? ഹൃദയാവസ്ഥയിലും പ്രകടനാവസ്ഥയിലും അല്ലെങ്കിൽ വാക്കുകളിലും വൈരുദ്ധ്യമുണ്ട് എന്നത് സ്പഷ്ടമാണ്. തങ്ങൾക്കായി ഒരു നിലവാരവും അന്യർക്കായി മറ്റൊരു നിലവാരവുമാണ്.

അതിനാൽ ഓരോ അഹ്മദിക്കും ഇതിനെകുറിച്ചുള്ള ചിന്ത അനിവാര്യമാണ്. അവർ ജമാഅത്തീ സേവനത്തിനായി നിയോഗിക്കപ്പെട്ട ഭാരവാഹിയോ അല്ലെങ്കിൽ സാധാരണ അഹ്മദിയോ ആകട്ടെ. ലോകത്തിന് നീതി നൽകുന്നതിനും സത്യം പ്രചരിപ്പിക്കുന്നതിനുമുള്ള ഈ വലിയ ഉത്തരവാദിത്വത്തെ സ്വയം സമുദ്ധാരണം നടത്തികൊണ്ട് എങ്ങിനെയാണ് നമുക്ക് നിറവേറ്റാൻ സാധിക്കുക എന്നതായിരിക്കണം നമ്മുടെ മുന്നിലുണ്ടായിരിക്കേണ്ടത്. അങ്ങിനെയുള്ളവർക്കാണ് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതും, അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ പാപപ്പൊറുതിയുടെ വിരിപ്പിൽ പുതപ്പിക്കപ്പെടുന്നതും, അവന്റെ പക്കൽ പ്രതിഫലാർഹരായി മാറുന്നതും. നിശ്ചയമായും അതിനു വേണ്ടി നമുക്ക് അല്ലാഹുവിന്റെ കല്പനകളെ ശ്രദ്ധിക്കേണ്ടിവരും. അത് പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടിവരും.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, അല്ലാഹുവിന്റെ സംരക്ഷണത്തെ പോലെയുള്ള മറ്റൊരു സുരക്ഷിത കോട്ടയോ താവളമോ മറ്റൊന്നില്ലതന്നെ. എന്നാൽ അപൂർണ വാക്കുകൾ ഗുണപ്രദമാവുകയില്ല. ദാഹിക്കുമ്പോൾ ഒരു തുള്ളിവെള്ളം കുടിക്കുന്നത് മതിയായതാണെന്ന് ആരെങ്കിലും പറയുമോ? അല്ലെങ്കിൽ കഠിന വിശപ്പുള്ളപ്പോൾ ഒരു മണികൊണ്ടോ ഒരു പിടി കൊണ്ടോ വയറ് നിറയുമോ? ഒരിക്കലുമില്ല. മറിച്ച് ഏതുവരെ വയറുനിറച്ച് വെള്ളം കുടിക്കുന്നില്ലയോ അല്ലെങ്കിൽ ഭക്ഷണം കഴിക്കുന്നില്ലയോ സംതൃപ്തി കൈവരുന്നതല്ല. അതേ പോലെ ഏതു വരെ കർമ്മങ്ങളിൽ പൂർണതയുണ്ടാകുന്നില്ലയോ, കരസ്ഥമാക്കേണ്ടുന്ന പരിണിത ഫലം ഉണ്ടാകുന്നതല്ല. അപര്യാപ്തമായ കർമ്മങ്ങൾ അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നതല്ല. അത് അനുഗ്രഹീതവുമാകുകയില്ല. എന്റെ ഇഛയ്ക്കനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഞാൻ അനുഗ്രഹം നൽകുന്നതാണെന്നതാണ് അല്ലാഹുവിന്റെ വാഗ്ദാനം.

അതിനാൽ ലോകത്ത് ശാന്തിയുടേയും സമാധാനത്തിന്റെയും സന്ദേശം എത്തിക്കുകയെന്ന അല്ലാഹു നമ്മെ ചുമതലപ്പെടുത്തിയിരുന്ന കർത്തവ്യം നിറവേറ്റുന്നതിനായി എല്ലാ നിലയിലും നമുക്ക് നീതിയിൽ നിലയുറപ്പിക്കേണ്ടിവരും, സത്യത്തെ സ്ഥാപിക്കേണ്ടിവരും. അല്ലാഹുവിന്റെ കല്പനകളെ ആഴത്തിൽ മനസ്സിലാക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുമ്പോഴാണ് നീതി നിലനിൽക്കുക. അല്ലാഹുവിനോടുള്ള കടമകളേയും ആഴത്തിൽ മനസ്സിലാക്കി പ്രാവർത്തികമാക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമനിർവഹണത്തിലും, അല്ലാഹുവിന്റെ എല്ലാ കല്പനകളെയും ആഴത്തിൽ മനസ്സിലാക്കി പ്രാവർത്തികമാക്കേണ്ടതുണ്ട്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകട്ടെ. നാം നമ്മുടെ ഭവനങ്ങളെയും സമൂഹങ്ങളെയും നീതി നിലനിർത്തികൊണ്ട് സ്വർഗീയമാകുന്നതോടൊപ്പം ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ തബ്‌ലീഗിന്റെ കടമകളും പൂർത്തിയാക്കുന്നവരാകട്ടെ. ലോകത്ത് യഥാർത്ഥ നീതിയെ വെളിപ്പെടുത്തികൊണ്ട് അതിനെ നാശത്തിന്റെ ഗർത്തത്തിൽ പതിക്കുന്നതിൽ നിന്ന് രക്ഷിക്കുന്നവരാകട്ടെ. വളരെ ഭയാനകമായ നാശത്തിലേക്കാണ് ലോകം വേഗതയിൽ പോയിക്കൊണ്ടിരിക്കുന്നത്. മുസ്‌ലീംകളിലും നീതി ശേഷിക്കുന്നില്ല, അമുസ്‌ലീംകളിലും നീതി ശേഷിക്കുന്നില്ല. നീതിയില്ലെന്നു മാത്രമല്ല മറിച്ച് എല്ലാവരും അക്രമണത്തിന്റെ അതിർലംഘനം നടത്തുകയാണ്.

അങ്ങനെയുള്ള സമയത്ത് ലോകത്തിന്റെ കണ്ണ് തുറപ്പിക്കുന്ന

തിനും, അക്രമണത്തിൽ നിന്ന് വിട്ട് നിൽക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ട് നാശത്തിന്റെ ഗർത്തത്തിൽ പതിക്കുന്നതിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനുള്ള പങ്ക് അഹ്മദിയ്യാ ജമാഅത്തിന് മാത്രമെ നിർവഹിക്കുവാൻ വഹിക്കാൻ സാധിക്കുകയുള്ളു. അതിനായി നാമോരുരുത്തരും നമ്മുടെ പരിധിയിൽ നിന്ന് കൊണ്ട് പരിശ്രമിക്കേണ്ടതുണ്ട്.

പരിശ്രമത്തോടൊപ്പം ദു:ആയിലേക്കും ശ്രദ്ധിക്കേണ്ടതുണ്ട്. രാഷ്ട്രങ്ങളുടെ അനീതിയും പ്രവർത്തനവൈകല്യവും അവരെ ആഭ്യന്തര കലഹത്തിൽ അകപ്പെടുത്തിയിരിക്കുന്നതിനോടൊപ്പം തന്നെ പുറമെനിന്നുള്ള വിപത്തുകളും വളരെ വേഗത്തിൽ അവരുടെ തലക്കുമുകളിൽ വട്ടമിട്ടു പറക്കുന്നതാണ്. മറിച്ച് അവരുടെ വാതിലുകളിൽ എത്തിക്കഴിഞ്ഞു. പ്രത്യക്ഷത്തിൽ വളരെ ധൈര്യസമേധം നിലകൊള്ളുന്നു എന്നു തോന്നാം. ലോകം അതിന്റെ പരിണിത ഫലങ്ങളെ കുറിച്ച് അജ്ഞരല്ലെങ്കിൽ തന്നെയും അശ്രദ്ധരാണ്.

അതിനാൽ അത്തരുണത്തിൽ മുഹമ്മദീ മസീഹിന്റെ ദാസർ തങ്ങളുടെ പങ്ക് വഹിച്ചുകൊണ്ട് ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കുന്നതിനായി ദു:ആയുടെയും കടമ നിറവേറ്റേണ്ടത് വളരെയധികം അനിവാര്യമാകുന്നു. അല്ലാഹു നമ്മെ ആ കടമ നിറവേറ്റുന്നവരാക്കി തീർക്കട്ടെ. ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കട്ടെ.

## PRINTED BOOKS

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 April 26 at : Baitul Futuh London
Translation: T.M.Abdul Mujeeb, Kakkanad - 09946794987

Typing: Nasarudheen A T
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**